# ACADEMIC MASTER PLAN R.H.S THUMBUR

# 2025-2026

| | | |
|---|---|---|
| റവന്യു ജില്ല | : | തൃശ്ശൂർ |
| വിദ്യാഭ്യാസ ജില്ല | : | ഇരിഞ്ഞാലക്കുട |
| ഉപജില്ല | : | മാള |
| വിലാസം | : | ആർ.എച്ച്.എസ്.തുമ്പൂർ,<br>തുമ്പൂർ പി.ഒ. 80 2 |
| ലോകസഭാമണ്ഡലം | : | തൃശ്ശൂർ |
| നിയമസഭാമണ്ഡലം | : | ഇരിഞ്ഞാലക്കുട |
| താലുക്ക് | : | മുകുന്ദപുരം |
| ബ്ലോക്ക് പഞ്ചായത്ത് | : | വെള്ളാങ്ങല്ലൂർ |
| തദ്ദേശ സ്വയം ഭരണ സ്ഥാപനം | : | വേളൂക്കര |
| വാർഡ് | : | 12 |
| സ്കൂൾ ഭരണ വിഭാഗം | : | എയ്ഡഡ് |
| സ്കൂൾ വിഭാഗം | : | പൊതു വിദ്യാലയം |
| പഠന വിഭാഗം | : | ഹൈസ്കൂൾ |
| സ്കൂൾ തലം | : | 8 മുതൽ 10 വരെ |
| മാധ്യമം | : | മലയാളം<br>ഇംഗ്ലീഷ് |

## ആമുഖം

കുട്ടികളുടെ സർവ്വതോന്മുഖമായ വളർച്ചയാണ് വിദ്യാഭാസം ലക്ഷ്യമിടുന്നത്. അത് തന്നെയാണ് വിദ്യാഭ്യാസത്തിന്റെ പരമമായ ലക്ഷ്യവും. സാംസ്കാരികമായ പുതിയ ഉണർവും, പുതിയ സാങ്കേതിക വിദ്യയുടെ മുന്നേറ്റവും വിദ്യാഭ്യാസത്തിന്റെ മുഖച്ഛായ മാറ്റിയിട്ടുണ്ട്. എങ്കിലും ഇത് മനുഷ്യസമൂഹത്തിന്റെ ശാക്തീകരണം തന്നെയാണ്. എല്ലാവർക്കും വിദ്യാഭ്യാസം എന്ന ലക്ഷ്യത്തിൽ നിന്നും എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം എന്നതിലേക്ക് നാം എത്തിച്ചേർന്നിരിക്കുന്നു. ഒരു വിദ്യാർത്ഥിക്ക് തന്റെ കഴിവിനും അഭിരുചിക്കുമനുസരിച്ച് വളരുവാനുള്ള അക്കാദമിക പിന്തുണയാണ് വേണ്ടത്. അതോടൊപ്പം ജലം, വായു, പരിസ്ഥിതി എന്നിവയുടെ സംരക്ഷണം, വ്യക്തി ശുചിത്വം, പരിസര ശുചിത്വം, അവകാശങ്ങളും കടമകളും, ജനാധിപത്യബോധം എന്നിവയെക്കുറിച്ചുള്ള മൂല്യബോധവും വളർന്ന് വരേണ്ടതാണ്. ശിശുസൗഹൃദ വിദ്യാഭ്യാസമാണ് നാം മുന്നോട്ടുവയ്ക്കുന്നത്. നവോത്ഥാന സമരങ്ങളും, സാമൂഹ്യപരിഷ്കരണ പ്രവർത്തനങ്ങളും പുരോഗമന സാമുഹ്യമുന്നേറ്റങ്ങളും ഉഴുതുമറിച്ച കേരളത്തിന്റെ മണ്ണിൽ അറിവുനേടാനുള്ള ആഗ്രഹം അടക്കാനാവാത്തതാണ്.

തൃശ്ശൂർ ജില്ലയിലെ വേളൂക്കര ഗ്രാമപഞ്ചായത്തിലെ ഗ്രാമീണാന്തരീക്ഷത്തിൽ സ്ഥിതി ചെയ്യുന്ന ഒരു വിദ്യാഭ്യാസ സ്ഥാപനമാണ് തുമ്പൂർ റൂറൽ ഹൈസ്കൂൾ. സാധരണക്കാരായ രക്ഷിതാക്കളുടെ കുട്ടികളാണ് ഈ സ്കൂളിൽ പഠിക്കുന്നത്. നവോത്ഥാന സമരങ്ങളും, സാമൂഹ്യ പരിഷ്കരണ പ്രവർത്തനങ്ങളും, പുരോഗമന രാഷ്ട്രീയ മുന്നേറ്റങ്ങളും ഉഴുതുമറിച്ച കേരളത്തിന്റെ മണ്ണിൽ അറിവു നേടാനുള്ള ആഗ്രഹം നമ്മുടെ അവകാശം തന്നെയാണ്. അത് പാരമ്പര്യമായി നില നിൽക്കുന്ന ഒരു ഗ്രാമപ്രദേശമാണ് തുമ്പൂർ. വളരെ പഴയകാലത്തു തന്നെ പ്രബുദ്ധരായ വ്യക്തികൾ പലരും തങ്ങളുടെ പ്രാഗത്ഭ്യം തെളിയിച്ച ഒരു സ്കൂൾ കൂടിയാണിത്. പ്രൊഫ: പി.സി.തോമാസ്, ഫാദർ ജെയിംസ് പഴയാറ്റൽ, ആർ.കെ.ജയരാജൻ(S.P), ശ്രീ എം.സി വത്സൻ(നിയമസഭാഗം), ജോസ് പറൂക്കാരൻ(I.S.R.O) തുടങ്ങിയ പ്രതിഭാധനരായവരുടെ വളർച്ചയ്ക്ക് അനുകൂലമായ സാഹചര്യം ലഭിച്ച നിറസാന്നിധ്യത്തോടെ തലയുയർത്തി നിന്നിരുന്ന റൂറൽ ഹൈസ്കൂൾ ഇന്ന് പുറകിലേക്ക് പോകുന്ന ഒരു സാഹചര്യമുണ്ട്. പൊതുവിദ്യാലയങ്ങൾ തന്നെയാണ് ഒരുകാലത്ത് മികച്ചു നിന്നിരുന്ന സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾ. ഇംഗ്ലീഷ് മീഡിയം തുടങ്ങിയ സ്വകാര്യവിദ്യാഭ്യാസസ്ഥാപനങ്ങളുടെ കടന്നുകയറ്റം നമ്മുടെ വിദ്യാലയത്തിനെയും ഇടിച്ചുതാഴ്ത്താൻ ഒരു പരിധിവരെ കാരണമായിട്ടുണ്ട്.

എന്നാൽ പൊതുവിദ്യാഭ്യാസയജ്ഞത്തിന്റെ ഭാഗമായി നമ്മുടെ സ്കൂളും ഉയർച്ചയുടെ പടവുകൾ കയറിക്കൊണ്ടിരിക്കുകയാണ്. വർഷങ്ങളായി നിലനിൽക്കുന്ന സ്കൂൾ ബസ്സ് മാനേജ്മെന്റ് നിർത്തലാക്കിയതോടെ അകലേനിന്ന് കുട്ടികൾക്ക് വിദ്യാലയത്തിൽ എത്തിചേരാനുള്ള ബുദ്ധിമുട്ട് വന്നു. ഈ പ്രധാന യാത്രാ പ്രശ്നം കുട്ടികൾ സ്കൂളിൽ കുറയാൻ കാരണമായി. തൊട്ടടുത്ത പ്രദേശത്തെ കുട്ടികൾ മാത്രമാണ് ഇന്ന് ഇവിടെ നിലനില്ക്കുന്നത്. കുട്ടികൾ കുറയുന്നു എന്നത് ഈ വിദ്യാലയത്തിന്റെ പഠനനേട്ടങ്ങളിൽ ഒരു കുറവു വരുത്തിയില്ല. നൂറുശതമാനം വിജയം തുടർച്ചയായി 2 വർഷം കരസ്ഥമാക്കിയും മാർക്കിൽ ഉയർന്ന നിലവാരം പുലർത്തിയും പാഠ്യേ

തര വിഷയങ്ങളിൽ മികവുപുലർത്തിയും ഈ വിദ്യാലയം ഇന്നും പ്രൗഢിയോടെ തലയുയർത്തി നിൽക്കുന്നു. അക്കാദമിക മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. സ്കൂൾ ക്യാമ്പസ് ശിശുസൗഹൃദപരമായ പഠനാന്തരീക്ഷം എന്നിവ സ്കൂളിന്റെ മുഖമുദ്രയാണ്.

പൊതുവിദ്യാഭ്യാസരംഗത്ത് നിരവധി പരിഷ്ക്കാരങ്ങൾ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന ഈ കാലത്ത് തുമ്പൂർ പ്രദേശത്തെ ഏക ഹൈസ്ക്കൂളിൽ (R.H.S തുമ്പൂർ) ധാരാളം പരിമിതികൾ ഉണ്ട്. കുട്ടികളുടെ സമഗ്രമായ വളർച്ചക്കുവേണ്ടി വരുന്ന ഭൗതീക, അക്കാദമിക മേഖലയിൽ ഈ സ്കൂളിന് ധാരാളം പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടിവരുന്നു. ഒന്നാമതായി ഈ കാലഘട്ടത്തിന്റെ പ്രത്യേകതയായി മാറിയ High tech class മുറിയുടെ നിർമ്മാണം അത്യന്താപേക്ഷിതമായ ഒരു കാര്യമാണ്. ഈ സ്കൂളിന്റെ ക്ലാസ്സ് മുറികൾ ഒന്നുകൂടെ പരിഷ്കരിക്കേണ്ടതായുണ്ട്.

**ലക്ഷ്യങ്ങൾ**

1 വിദ്യാഭ്യാസത്തിന്റെ പ്രാഥമിക ലക്ഷ്യം വിദ്യാർത്ഥികളെ പ്രബുദ്ധരാക്കുക എന്നതാണ്

2 വിദ്യാഭ്യാസത്തിലൂടെ വ്യക്തിയെ മാത്രമല്ല ഒരു സമൂഹത്തെകൂടിയാണ് വാർത്തെടുക്കേണ്ടത്.

3 ജീവിതത്തെ പടുത്തുയർത്തുന്ന സത്സ്വഭാവത്തിന് രൂപം നൽകുന്ന ആശയങ്ങളുടെ സംയോജനമാകണം വിദ്യാഭ്യാസം

4 വ്യക്തിത്വവും, സ്വന്തം വരുമാനം കൊണ്ട് ജീവിതം മുന്നോട്ടുകൊണ്ടുപോകാനുമുള്ള കഴിവുണ്ടാകണം.

5. ഈ ലോകത്തിൽ ജ്ഞാനത്തിനു തുല്യമായി പവിത്രമായ യാതൊന്നും തന്നെയില്ല.

സാമ്പത്തികമായി ഏറെ പിന്നോക്കാവസ്ഥിയാണ് ഈ വിദ്യാലയമെങ്കിലും നാളിതുവരെ കൈവരിച്ച നേട്ടങ്ങൾ ചെറുതല്ല. അതിന്റെ പിൻബലത്തിൽ അടുത്ത 10 വർഷത്തിനുള്ളിൽ നല്ല കെട്ടിടവും, പ്രാഥമിക സൗകര്യങ്ങളും അടക്കം സ്വപ്നം കാണുന്ന തരത്തിലേക്ക് ഈ വിദ്യാഭ്യാസ സ്ഥാപനത്തിന് ഉയർത്തിക്കൊണ്ടുവരാൻ സാധിക്കുന്നതിനായി പൂർവ്വവിദ്യാർത്ഥികൾ റിട്ട. അധ്യാപകർ, മാനേജ്മെന്റ് കമ്മിറ്റി, സമീപവാസികൾ എന്നിവരുടെ സഹായസഹകരണങ്ങൾ ഉറപ്പുവരുത്തും. ഓഫീസ് ക്ലാസ്മുറികളും, ലൈബ്രറിയും, ലാബും, കിച്ചനും, മറ്റെല്ലാ സൗകര്യങ്ങളും അതോടെ ഒരൊറ്റ കുടക്കീഴിലാകും.

# സ്കൂൾ ചരിത്രം

# ആർ.എച്ച്.എസ്.തുമ്പൂർ

സ്ഥലനാമങ്ങൾക്ക് പ്രധാനമായും കാരണമാകുന്നത് ഭൂമിശാസ്ത്രപരമായ പ്രത്യാകതകൾ, സംഭവസ്മരണകൾ എന്നിവയാണ്.തുമ്പൂർ എന്ന സ്ഥലനാമത്തിനു പിന്നിലും ഇത്തരം കാര്യങ്ങൾ ഒളിഞ്ഞ് കിടക്കുന്നു. പഴയ കൊച്ചിയിലെ ചെറിയൊരു കാർഷിക ഗ്രാമമാണ് ഈ സ്ഥലം. ചെറുതും, വലുതുമായ പാടശേഖരങ്ങൾക്കിടയിലുള്ള ഉയർച്ചകൾ ആണ് തുമ്പൂരിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകത. കാർഷികവൃത്തി പ്രധാന ജീവിതമാർഗ്ഗമായി സ്വീകരിച്ച ഒരു ജനവിഭാഗമാണ് ഇവിടെയുള്ളത്.

സ്വാതന്ത്ര്യപൂർവ്വ കൊച്ചിയുടെയും തിരുവിതാംകൂറിന്റെയും ഇടയ്ക്കുള്ള പുത്തൻചിറയെന്ന ചെറിയ ഗ്രാമം അന്ന് തിരുവിതാംകൂറിന്റെ ഭരണത്തിൻ കീഴിലായിരുന്നു. കൊച്ചിയുടെ അറ്റഭാഗത്ത് സ്ഥിതിചെയ്യുന്നതിനാൽ തുമ്പത്തുള്ള ഊര് എന്ന അർഥം വരുന്ന പദമായി തുമ്പൂര് എന്ന പേരുണ്ടായി. ഇന്നും തുമ്പൂരിന്റെയും പുത്തൻപിറയുടെയും അതിർത്തിയിൽ ചരിത്രസ്മരണയെന്നോണം കൊതിക്കല്ല് സ്ഥിതിചെയ്യുന്നു. പുത്തൻചിറ തിരുവിതാംകൂർ ഭരണത്തിലായതിനു ശേഷമായിരുന്നിരിക്കണം തുമ്പൂർ എന്ന സ്ഥലനാമം രൂപപ്പെട്ടത്.

അങ്ങിനെയെങ്കിൽ നാലു നൂറ്റാണ്ടിനപ്പുറം പഴക്കം ഈ സ്ഥലത്തിനുണ്ടാകാനിടയില്ല.

അറിവുതേടിയുള്ള യാത്രയാണ് മനുഷ്യനെ പല കണ്ടുപിടുത്തങ്ങൾക്കും പ്രേരിപ്പിച്ചത്. ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിക്കുന്നതിനും മുൻപേ തുമ്പരിലെ ചില അഭ്യുദയകാക്ഷികളുടെ പ്രവർത്തനഫലമായി അറിവുപകർന്നു നൽകുന്നതിന് ഒരു പാഠശാലക്കായുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. ഉന്നത വിദ്യാഭ്യാസം ഒരു ദിവാസ്വപ്നം മാത്രമായിരുന്ന ഈ ഉൾനാടൻ ഗ്രാമപ്രദേശത്തേക്ക് ഒരു പള്ളിക്കൂടം എന്ന ആശയം തന്നെ ജനങ്ങളിൽ ഉണർവിന്റെ ഊർജസ്രോതസ്സായി മാറി. ഒരു കൂട്ടം സുമനസ്സുകളുടെ യാഥാർത്ഥ്യമായി.

പലപ്പോഴും മുതിർന്നവരുടെ ഓർമകളിലൂടെയാണ് നാം ചരിത്രാന്വേഷണം പൂർത്തീകരിക്കുന്നത്. മഷിനിറച്ച പേനകളും വായ്ത്താരികൾ പകർത്തിയെഴുതുവാൻ പുസ്തകങ്ങളും നെഞ്ചോട് ചേർത്ത് ഈ വിദ്യാലയത്തിലെ കുട്ടിചരിത്രാന്വേഷകർ തുമ്പൂരിലെ ഗ്രാമവാസികൾക്കോപ്പം ചേരുന്നു.....

പുരാവസ്തുക്കളും സ്ഥലനാമങ്ങളുമാണ് ഒരു നാടിന്റെ ചരിത്രത്തിലേക്ക് ഇറങ്ങിച്ചെല്ലാനുള്ള ഏണിപ്പടികൾ. എഴുതപ്പെട്ട ചരിത്രങ്ങൾ താരതമ്യേന പുതിയ കാലത്താകയാൽ പ്രാചീന ചരിത്രരചനയ്ക്ക് വളരെ പ്രാധാന്യമുണ്ട്. സ്ഥലനാമങ്ങൾ ഇതിന്റെ ഒരു പ്രധാന ഭാഗം തന്നെയാണ്.

# തുമ്പൂർ റൂറൽ ഹൈസ്കൂൾ

വജ്രജൂബിലി കഴിഞ്ഞ ഈ വിദ്യാലയത്തിന്റെ ചരിത്രത്തിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ....

ഭാരതം സ്വാതന്ത്ര്യം നേടുന്നതിനും മുൻപ് തുമ്പൂർ, കൊററനല്ലൂർ, കടുപ്പശ്ശേരി, പുത്തൻചിറ ഗ്രാമങ്ങളിലുള്ള ഏതാനും വ്യക്തികൾ അവരുടെ ഗ്രാമത്തിൽ ഒരു സെക്കന്ററി വിദ്യാലയം വേണമെന്നാഗ്രഹിക്കുകയും അതിനായി പരിശ്രമിക്കുകയും ചെയ്തു. 1940 ൽ തുമ്പൂരിൽ ഒരു അപ്പർ പ്രൈമറി സ്കൂൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടായിരുന്നു. ആ വിദ്യാലയത്തോട് ചേർന്ന് 1946 ൽ ആണ് റൂറൽ ഹൈസ്കൂൾ പ്രവർത്തനം ആരംഭിച്ചത്.

ഇന്നാട്ടിലെ ദീർഘവീക്ഷണമുള്ള 12 കാരണവന്മാർ ചേർന്ന് 1200 രൂപ ചെലവാക്കി സർക്കാരിന്റെ അംഗീകാരത്തോടുകൂടി 03-06-1946 ൽ റൂറൽ ഹൈസ്കൂൾ എന്ന പേരിൽ 31 കുട്ടികളോടുകൂടി 8-ാം ക്ലാസ്സ് ആരംഭിച്ചു.

വിദ്യാലയത്തിന്റെ ആരംഭകാലത്ത് ശ്രീ. പി.സി. കുഞ്ഞുവറീത് മാനേജരും, പി. ശങ്കരൻകുട്ടി മേനോൻ ആദ്യത്തെ ഹെഡ്മാസ്റ്ററും ആയിരുന്നു. പൂർണ്ണ ഹൈസ്കൂൾ ആയി ഉയർത്തുന്നതിനായി ഇരുപത്തിയൊന്നംഗ കമ്മിറ്റി രൂപീകരിച്ചു. കോർപ്പറേറ്റീവ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തു. 1947 ൽ 9-ാം ക്ലാസ്സും, 1948 ൽ 10-ാം ക്ലാസ്സും ആരംഭിക്കുകയും ചെയ്തു. ആദ്യ എസ്.എസ്.എൽ.സി. ബാച്ച് 1949 ൽ പുറത്തിറങ്ങി. 93% ആയിരുന്നു അന്നത്തെ വിജയം. ഭൂരിഭാഗം കുട്ടികൾക്കും 60% ത്തിൽ കൂടുതൽ മാർക്കുണ്ടായിരുന്നു.

ഒരു വിദ്യാലയത്തിന്റെ മഹത്വത്തിനും മാനദണ്ഡം അവിടത്തെ പൂർവ്വവിദ്യാർത്ഥികൾ ആണെങ്കിൽ അക്കാര്യത്തിലും ഈ സ്ഥാപനം ഒട്ടും പിന്നിലല്ല. ഇവിടെനിന്നും സമൂഹത്തിന്റെ വിവിധതലങ്ങളിൽ ഉന്നതസ്ഥാനങ്ങളിൽ എത്തിച്ചേർന്നവരിൽ പ്രധാനികൾ ഇരിങ്ങാലക്കുട ബിഷപ്പ് മാർ ജെയിംസ് പഴയാറ്റിൽ, പ്രൊഫ. പി.സി. തോമസ്, നിയമസഭ സെക്രട്ടറിയായിരുന്ന ശ്രീ. എം.സി. വത്സൻ, സയന്റിസ്റ്റ് ജോസ് പി.വി (ഡി.ആർ.ഡി.ഒ), പ്രശസ്ത എഴുത്തുകാരനായ ശ്രീ. തുമ്പൂർ ലോഹിതാക്ഷൻ എന്നിവർ..

1949 ൽ എസ്.എസ്.എൽ.സി. ആദ്യബാച്ച് പുറത്തിറങ്ങിയപ്പോൾ ശ്രീ. എൻ.എസ്. സൂര്യനാരായണഅയ്യർ ആയിരുന്നു പ്രധാനധ്യാപകൻ.

ഇന്നും വിദ്യാലയത്തിനും പരിസരപ്രദേശങ്ങൾക്കും കാര്യമായ മാറ്റങ്ങൾ വന്നിട്ടില്ല, എങ്കിലും സ്കൂളിന്റെ വിജയശതമാനത്തിൽ വലിയ കുതിച്ചുചാട്ടം തന്നെയുണ്ടായി. 2000 ത്തിനു ശേഷം തുടർച്ചയായി 100% വിജയം കാവരിച്ച് വേളൂക്കര ഗ്രാമപഞ്ചായത്തിലെ ഏറ്റവും നല്ല സ്കൂളിനുള്ള ട്രോഫി നേടാൻ കഴിയുന്നുണ്ട്. സ്കൂളിന്റെ എല്ലാവിധ ഉയർച്ചയ്ക്കും വളർച്ചയ്ക്കും സ്കൂൾ മാനേജ്മെന്റ് ഒപ്പമുണ്ട്. ശ്രീ. കെ.ടി ബാബു ആണ് സ്കൂൾ മാനേജർ. അദ്ദേഹത്തിന്റെ പരിപൂർണ്ണ സഹകരണവും പിന്തുണയും ഈ വിദ്യാലയത്തിനുണ്ട്. വളരെ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്ന പി.ടി.എ സ്കൂളിന്റെ മുതൽക്കൂട്ടാണ്. അക്കാദമികം, കലാകായികം, ദിനാചരണങ്ങൾ, പഠനയാത്രകൾ, മറ്റ് ആഘോഷദിനങ്ങൾ എന്നിവയിലെല്ലാം

പി.ടി.എ യുടെ സമ്പൂർണ്ണ സഹകരണം ഉണ്ട്. ഇപ്പോഴത്തെ പി.ടി.എ പ്രസിഡന്റ് ശ്രീ. ബാലകൃഷ്ണൻ ടി.വി., മാതൃസംഘം പ്രസിഡന്റ് ശ്രീമതി സഹിജ വി.എ യും ആണ്.

ഹൈസ്കൂളിന് മൂന്ന് കെട്ടിടങ്ങളിലായി 10 ക്ലാസ്മുറികളും ഒരു കമ്പ്യൂട്ടർ ലാബ്, സയൻസ് ലാബ്, ലൈബ്രറി എന്നിവയും ഉണ്ട്. മുൻ എം.എൽ.എ ആയിരുന്ന അഡ്വ. തോമസ് ഉണ്ണിയാടൻ സമ്മാനമായി നൽകിയ ഇൻട്രാക്ടീവ് വൈറ്റ് ബോർഡ് സിസ്റ്റം ഉള്ള സ്മാർട്ട് ക്ലാസ്റൂം ഈ വിദ്യാലയത്തിലുണ്ട്. കുട്ടികളുടെ കലാകായിക അഭിരുചി വികസനത്തിനും സ്കൂൾ എക്സിബിഷനുകൾ സംഘടിപ്പിക്കുന്നതിനും വിദ്യാർത്ഥി സംഗമങ്ങൾക്കുമായി പ്രയോജനപ്പെടുത്താവുന്ന വിശാലമായ ഓഡിറ്റോറിയം വിദ്യാലയത്തിലുണ്ട്. പൂർവ്വവിദ്യാർത്ഥിയായ പ്രൊഫ. പി.സി. തോമസ് ആണ് ഈ ഓഡിറ്റോറിയം ഞങ്ങൾക്ക് നൽകിയത്.

## ആർ.എച്ച്.എസ്. ഇന്ന്

ഈ വർഷത്തെ ആദ്യത്തെ പരിപാടിയായ പ്രവേശനോത്സവം ജൂൺ 1-ാം തിയ്യതി ബുധനാഴ്ച രാവിലെ 10 മണിയോടുകൂടി ആരംഭിച്ചു. ജൂൺ 5 പരിസ്ഥിതിദിനം, ജൂൺ 19 വായനാദിനം, ജൂൺ 21 അന്താരാഷ്ട്ര യോഗാദിനം (യോഗാദിനത്തോടനുബന്ധിച്ച് യോഗാധ്യാപകനെ കൊണ്ട് കുട്ടികൾക്ക് മൂന്നുമാസക്കാലം യോഗാക്ലാസ്സ് നടത്തുകയുണ്ടായി.) ജൂൺ 27 ലഹരിവിരുദ്ധ ദിനം തുടങ്ങിയ ദിനാചരണങ്ങൾ ജൂൺമാസത്തിൽ വളരെ വിപുലമായി തന്നെ നമ്മുടെ വിദ്യാലയത്തിൽ ആഘോഷിക്കുകയുണ്ടായി. ജൂലൈ 1 ഡോക്ടേഴ്സ് ഡേ, ജൂലൈ 5 ബഷീർ ദിനം, ജൂലൈ 18 വായന മാസാചരണ സമാപനം, ജൂലൈ 21 ന് ചാന്ദ്രദിനം, ആഗസ്റ്റ് 6, 9 ഹിരോഷിമ നാഗസാക്കി ദിനങ്ങൾ, ആഗസ്റ്റ് 10 മുതൽ 15 വരെ സ്വാതന്ത്ര്യത്തിന്റെ അമൃതമഹോത്സവം, ആഗസ്റ്റ് 17 കർഷകദിനം, ആഗസ്റ്റ് 29 ദേശീയ കായികദിനം, സെപ്തംബറിൽ സംസ്കൃത വാരാഘോഷം, പോഷകാഹാരദിനം, അധ്യാപകദിനം, ഓണാഘോഷം, ഓസോൺ ദിനം തുടങ്ങിയ പരിപാടികൾ മികച്ച രീതിയിൽ തന്നെ നമ്മുടെ വിദ്യാലയം ആഘോഷിക്കുകയുണ്ടായി.

ഒക്ടോബറിൽ ഗാന്ധിജയന്തി, കൈകഴുകൽദിനം, നവംബറിൽ കേരളപ്പിറവി, ശിശുദിനം, ഡിസംബറിൽ മില്ലറ്റ് ഡേ, ഭിന്നശേഷി ദിനം, ക്രിസ്തുമസ് ആഘോഷവും നടത്തി. 2022 ഏറ്റവും മനോഹരമാക്കിതീർക്കാൻ പി.ടി.എ യുടേയും രക്ഷിതാക്കളുടേയും സഹായത്തോടെ നമ്മുടെ വിദ്യാലയത്തിന് സാധിച്ചു. 2023 പുതുവർഷത്തെ വർണശബളമായ പരിപാടികളോടെയാണ് നമ്മുടെ കുട്ടികൾ വരവേറ്റത്.

വിദ്യാലയത്തിന്റെ നെടുംതൂണായ പ്രധാന അധ്യാപിക, മികച്ച അധ്യാപകർ, മികച്ച അധ്യയനം, പ്രതിഭകളായ കുഞ്ഞുങ്ങൾ, മാതാപിതാക്കളുടെ സഹകരണം, നിസ്വാർത്ഥമായ പി.ടി.എ മാനേജ്മെന്റിന്റെ മേൽനോട്ടം സർവ്വോപരി ദൈവാനുഗ്രഹം ഇതാണ് ആർ.എച്ച്.എസ്. തുമ്പൂരിന്റെ നാളിതുവരെയുള്ള വിജയരഹസ്യം.

## റൂറൽ ഹൈസ്കൂൾ തുമ്പൂരിന്റെ പ്രയാണത്തിൽ അമരത്തുനിന്നവർ

1 സുബ്ബയ്യ നായിഡു

2 പി.ശങ്കരൻകുട്ടി മേനോൻ

3 സൂര്യനാരായണ അയ്യർ

4 കുഞ്ഞുമുഹമ്മദ്

5 ഇ.കെ.ആന്റണി

6 റപ്പായി കെ.വി.

7 വിജയൻ കെ.കെ

8 സിസിലി ഇ.എ

9 ഡേവിസ് കെ.വി

10 സാനി കെ.സി

11 രുഗ്മിണി ഇ.എസ്

12 ദിവാകരൻ പി.വി

13 സുഭാഷിണി എം.പി

14 ഗോപിനാഥൻ കെ.എസ്

15 ജസീന്ത ടി.ടി

16 ശ്രീദേവി പി.പി

17 സെനിത് ടി.ആർ

# RHS THUMBOOR
## STAFF LIST 2023-2024

| No. | Name of teachers | Designation | Mobile No |
|---|---|---|---|
| 1 | ZENITH T R | H M | 9645288309 |
| 2 | SATHYA K | H S A MALAYALAM | 9846317179 |
| 3 | THOMAS M A | H S A Phy Science | 9745185754 |
| 4 | RAJI V A | H S A SANSKRIT | 9995889876 |
| 5 | KARUNIAMOL S K | H S A HINDI | 9946186054 |
| 6 | BINDHU T C | H S A SOCIAL SCIENCE | 9633158732 |
| 7 | REENA LOUIS | H S A MATHEMATICS | 8086060859 |
| 8 | ASHITHA C B | H S A ENGLISH | 9633370247 |
| 9 | JENNY ANTONY | HSA MALAYALAM | 9497803667 |
| 10 | AMITHA T A | HSA SOCIAL SCIENCE | 9645625218 |
| 11 | SUVITHA K S | H S A Phy Science | 8139879129 |
| 12 | ABI JOSEPH K | CLERK | 8075754178 |
| 13 | BAIJU P V | O A | 9288606021 |
| 14 | SUNITHA M V | O A | 9496289376 |
| 15 | SARANYA O R | F T M | 7034513011 |

## 2023 – 24 അധ്യയനവർഷത്തിലെ കുട്ടികളുടെ എണ്ണം

| | മലയാള മീഡിയം | | | ഇംഗ്ലീഷ് മീഡിയം | | | ആകെ | | |
|---|---|---|---|---|---|---|---|---|---|
| സ്റ്റാൻഡേർഡ് | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
| 8 | 0 | 3 | 3 | 7 | 7 | 14 | 7 | 10 | 17 |
| 9 | 4 | 4 | 8 | 5 | 1 | 6 | 9 | 5 | 14 |
| 10 | 5 | 2 | 7 | 8 | 3 | 11 | 13 | 5 | 18 |
| TOTAL | 9 | 9 | 18 | 29 | 11 | 31 | 29 | 20 | 49 |

## സ്കൂൾ പ്രൊഫോർമ I (Academic Year 2023 - 2024)
## വിദ്യാർത്ഥികളുടെ അംഗസംഖ്യ
## വിദ്യാഭ്യാസ ഡയറക്ടറാഫീസ്, തിരുവനന്തപുരം

റവന്യൂ ജില്ലയുടെ പേര് : തൃശ്ശൂർ

| | | | |
|---|---|---|---|
| 1. | വിദ്യാലയത്തിന്റെ പേര് | : | ആർ.എച്ച്.എസ്. തുമ്പൂർ |
| 2. | വിലാസം | : | കോൺവെന്റ് റോഡ്, തുമ്പൂർ |
| 3 | ഫോൺ നമ്പർ | : | 04802786427 |
| 4 | ഇ-മെയിൽ വിലാസം | : | rhsthumbur@yahoo.com |
| 5. | സ്കൂൾ കോഡ് | : | 23061 |
| 6 | ആൺകുട്ടികൾ/പെൺകുട്ടികൾ രണ്ടും കൂടിയുള്ളത് | : | രണ്ടും കൂടിയുള്ളത് |
| 7. | സർക്കാർ / എയ്ഡഡ്/ അൺഎയ്ഡഡ് | : | എയ്ഡഡ് |
| 8. | ക്ലാസ് (സ്റ്റാൻഡേർഡ്) | : | ആരംഭം : 8 അവസാനം 10 |
| 9. | സ്കൂൾ നടത്തുന്ന വകുപ്പിന്റെ പേര് | : | ജനറൽ |
| 10 | വിദ്യാഭ്യാസ ഉപജില്ല | : | മാള |
| 11 | വിദ്യാഭ്യാസ ജില്ല | : | ഇരിങ്ങാലക്കുട |
| 12 | സ്കൂൾ സ്ഥാപിച്ച വർഷം | : | 1946 |
| 13 | അസംബ്ലി നിയോജകമണ്ഡലം | : | ഇരിങ്ങാലക്കുട |
| 14 | പാർലമെന്റ് നിയോജകമണ്ഡലം | : | തൃശ്ശൂർ |
| 15 | റൂറൽ / അർബൻ | : | റൂറൽ |
| 16 | ബ്ലോക്ക് | : | വെള്ളാങ്കല്ലൂർ |
| 17 | താലൂക്ക് | : | മുകുന്ദപുരം |
| 18 | പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ | : | വേളൂക്കര |

### ആറാം അധ്യയനദിനം 7 ജൂൺ 2023
### വിദ്യാർത്ഥികളുടെ എണ്ണം

| | | ആകെ | | | പട്ടികജാതി | | | പട്ടികവർഗ്ഗം | | | മുസ്ലീം | | | മറ്റ് ന്യൂനപക്ഷ സമുദായം | | | ഒബിസി | | | മറ്റുള്ളവ | | | എ.പി.എൽ | | | ബി.പി.എൽ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| സ്റ്റാൻഡേർഡ് | ഡിവിഷൻസ് | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
| 8 | 1 | 7 | 9 | 16 | 3 | 3 | 6 | 0 | 0 | 0 | 0 | 0 | 0 | 1 | 3 | 4 | 2 | 3 | 5 | 1 | 0 | 1 | 1 | 1 | 2 | 6 | 8 | 14 |
| 9 | 1 | 9 | 5 | 14 | 3 | 2 | 5 | 0 | 0 | 0 | 0 | 0 | 0 | 3 | 2 | 5 | 2 | 0 | 2 | 1 | 1 | 2 | 3 | 2 | 5 | 6 | 2 | 9 |
| 10 | 1 | 13 | 5 | 18 | 2 | 2 | 4 | 0 | 0 | 0 | 0 | 0 | 0 | 2 | 0 | 2 | 8 | 3 | 11 | 1 | 0 | 1 | 7 | 2 | 9 | 6 | 3 | 9 |
| **ആകെ** | | **29** | **19** | **48** | **8** | **7** | **15** | **0** | **0** | **0** | **0** | **0** | **0** | **5** | **5** | **11** | **12** | **6** | **18** | **3** | **1** | **4** | **11** | **5** | **16** | **18** | **14** | **32** |

## കുടിവെള്ളം

സ്കൂൾ പ്രവർത്തനത്തിന് ആവശ്യമായ കുടിവെള്ളം കിണറ്റിൽ നിന്നാണ് ഉപയോഗിക്കുന്നത്. സ്കൂളിന്റെ ചുറ്റുമതിലിനോട് ചേർന്ന് വലിയൊരു കിണർ സ്കൂളിന് സ്വന്തമായുണ്ട്. എങ്കിലും കടുത്ത വേനലിൽ വെള്ളത്തിന് രൂക്ഷമായ ക്ഷാമം അനുഭവപ്പെടാറുണ്ട്. നിലവിലെ ഈ സ്ഥിതി മാറ്റം വരുത്തണമെങ്കിൽ മറ്റൊരു കിണർ കൂടിയുണ്ടെങ്കിലേ പറ്റുകയുള്ളു. കുട്ടികൾക്ക് ഫിൽറ്റർ ചെയ്ത വെള്ളമാണ് ഇപ്പോൾ നൽകുന്നത്. ചെറിയ ഒരു ഫിൽറ്റർ ആണുള്ളത്. അത് കുറച്ചു കൂടി മെച്ചപ്പെട്ട രീതിയിൽ ആക്കണം.

## ഉച്ചഭക്ഷണശാല

എല്ലാ ദിവസവും കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്നുണ്ട്. വിവിധ പച്ചക്കറികളും, മാംസവും ഇതിനായി തയ്യാറാക്കുന്നു. പാചകചിലവിനായി വിശാലമായ കിച്ചനും, ഊണുമുറികളും ഈ സ്കൂളിൽ നിലവിലുണ്ട്. അത് വളരെ പഴക്കം ചെന്ന കെട്ടിടമാണ്. ഉച്ചഭക്ഷണശാല പുതിയ കെട്ടിടത്തിലേക്ക് മാറ്റാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പൂർവ്വവിദ്യാർത്ഥികളുടെയും അധ്യാപകരുടെയും അനധ്യാപകരുടെയും സർക്കാരിന്റെയും പരിശ്രമത്തോടെയാണ് ഇപ്പോൾ ഉച്ചഭക്ഷണപദ്ധതി നടന്നുപോകുന്നത്. ഇതിന്റെ മുഴുവൻ ഫണ്ടും സർക്കാരിൽ നിന്ന് വൈകാതെ കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു.

## കളിസ്ഥലം

സ്കൂളിന് സ്വന്തമായി കളിസ്ഥലമില്ല. യു.പി സ്കൂളിന്റെ കളിസ്ഥലമാണ് ഉപയോഗിക്കുന്നത്. ഭാവിയിൽ പുതിയ ബിൽഡിംഗിനൊപ്പം വിശാലമായ ഒരു കളിസ്ഥലവും വിഭാവനം ചെയ്തിട്ടുണ്ട്.

## ക്ലബ്ബ്

ആർ.എച്ച്.എസ്. തുമ്പൂരിൽ ക്ലാസ്സുകൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്. ഇംഗ്ലീഷ് ക്ലബ്, വിദ്യാരംഗം സോഷ്യൽ ക്ലബ്ബ്, സയൻസ്, മാത്സ്, ഹെൽത്ത് ക്ലബ്ബുകൾ, ഇക്കോ ക്ലബ്ബ് തുടങ്ങിയ ക്ലബ്ബുകൾ ഇവിടെയുണ്ട്. പ്രകൃതിക്കിണങ്ങുന്ന രീതിയിൽ എങ്ങനെ ജീവിക്കണമെന്ന് പരിസ്ഥിതി ക്ലബ്ബുകൾ കുട്ടികൾക്ക് പരിചയപ്പെടുത്തി കൊടുക്കുന്നു. കൃഷിക്ക് നിലം ഒരുക്കലും, ശാസ്ത്രീയമായ കൃഷിരീതികളും ഇവർ പരീക്ഷിക്കുന്നുണ്ട്. കലയ്ക്കും, വായനയ്ക്കും പ്രാധാന്യം നൽകുന്ന വിദ്യാരംഗം ക്ലബ്ബ്, സയൻസ് ക്ലബ്ബുകളിൽ പലതരത്തിലുള്ള പരീക്ഷണങ്ങളും വർക്കിങ്ങ് മോഡലുകളും ഉണ്ടാക്കുന്നു. മാനസീക, ശാരീരിക ആരോഗ്യത്തിന് പ്രാധാന്യം നൽകുന്ന ഹെൽത്ത് ക്ലബ്ബ്. ക്ലബ്ബുകളുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾ മൂലം, കായിക ശാസ്ത്രമേളകളിലും, കലോത്സവങ്ങളിലും കുട്ടികൾക്ക് ശോഭിക്കാനും ഉന്നതവിജയം കൈവരിക്കാനും സാധിക്കുന്നു.

## ലാബ്

വളരെ സജീവമായ സയൻസ് ലാബ് ഇവിടെയുണ്ട്. എങ്കിലും കുറച്ചുകൂടി സൗകര്യപ്രദമായ ലാബ് ഇവിടുത്തെ കുട്ടികൾക്ക് ആവശ്യമുണ്ട്. അതിനിണങ്ങുന്ന രീതിയിൽ നവീന സൗകര്യ ത്തോടുകൂടിയ ഒരു ലാബ് അടുത്ത പത്തുവർഷത്തിനുള്ളിൽ ഇവിടെ പ്രവർത്തനമാരംഭിക്കും. ഇതെല്ലാം കോർത്തിണക്കിയ ഒരു ബിൽഡിങ്ങാണ് വിഭാവനം ചെയ്തിട്ടുള്ളത്. കാരണം സയൻസ് കാര്യക്ഷമായി പഠിക്കാൻ എറ്റവും നല്ല സ്ഥലം സയൻസ് ലാബാണ്. ഇതിലൂടെ വിദ്യാർത്ഥിക ളുടെ പഠന വൈദഗ്ധ്യവും പ്രായോഗിക ജ്ഞാനവും വർദ്ധിക്കുന്നു. പൂർവ്വവിദ്യാർത്ഥികളു ടെയും ചില അഭ്യുദയകാംക്ഷികളുടെയും സഹായത്തോടെ ശരിയായ സ്ഥാനത്ത് ലാബ് നിർമ്മി ക്കാൻ തീരുമാനിച്ചിട്ടുണ്ട്.

## ഫണ്ട്

റൂറൽ ഹൈസ്കൂൾ സാമ്പത്തികമായി ഏറെ പിന്നിൽ നിൽക്കുന്ന ഒരു സ്ഥാപനമാണ്. എന്നാൽ സജീവമായ പി.ടി.എ, അധ്യാപകർ, എന്തിനും സജ്ജമായ പൂർവ്വവിദ്യാർത്ഥികൾ, ചില സമീപ വാസികൾ, എല്ലാറ്റിലുമുപരി മാനേജ്മെന്റ് എന്നിവരുടെയെല്ലാം സഹായത്തോടെയാണ് ഇവിടെ പ്രവർത്തനങ്ങൾ നടന്നുപോകുന്നത്. നാളിതുവരെയുള്ള പ്രതിച്ഛായക്ക് വലിയ രീതിയിലുള്ള കോട്ടം തട്ടാതെ സ്കൂൾ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നുണ്ട്. തുടർന്നുള്ള പ്രവർത്ത നങ്ങളിലും ഇവരുടെ സജീവ സാന്നിദ്ധ്യം ഉണ്ടാകും.

# SCIENCE

**പൊതുവായ ലക്ഷ്യങ്ങൾ**

- ✶ എല്ലാ പഠനനേട്ടങ്ങളും ശേഷികളും ആശയങ്ങളും മൂല്യങ്ങളും നേടാൻ എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
- ✶ ശാസ്ത്രരീതി അവലംബിച്ച് പ്രശ്നങ്ങളെ നേരിടുന്നതിനുള്ള ശേഷി കൈവരിക്കുക.
- ✶ സവിശേഷ താൽപര്യമുള്ള കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകി മികവിലേക്ക് എത്തിക്കുക.

| പ്രശ്നങ്ങൾ | പരിഹാരമാർഗ്ഗങ്ങൾ |
|---|---|
| ചെറിയ ഒരു ശതമാനം കുട്ടികൾക്കെങ്കിലും ആശയങ്ങളും ശേഷികളും ആർജിക്കാൻ കഴിയുന്നില്ല. | ഇവരെ കണ്ടെത്തി അടിസ്ഥാന ആശയങ്ങളെ ഉറപ്പിക്കാനുള്ള ക്ലാസ്സുകൾ. |
| പ്രായോഗിക പരിജ്ഞാനം കുറച്ചുമാത്രമേ ലഭിക്കുന്നുള്ളൂ. | പരീക്ഷണങ്ങൾ അനുഭവവേദ്യമാക്കുക. |
| വിഷയത്തിൽ അടിസ്ഥാനശേഷി/അറിവ് ഇല്ലായ്മ. | |
| പ്രവർത്തനങ്ങൾ നിരവധിയാണെങ്കിലും സമയം വളരെ കുറവ്. | വിദ്യാലയ പ്രവർത്തനങ്ങൾ ക്രമീകരിച്ച് പ്രാധാന്യമില്ലാത്തവ ഒഴിവാക്കുക. |
| ഭിന്നശേഷിക്കാരെ വേണ്ട വിധത്തിൽ പരിഗണിക്കാൻ കഴിയുന്നില്ല. | ഭിന്നശേഷി സൗഹൃദ ക്ലാസ്സാക്കി മാറ്റുക. |
| വായനാശീലത്തിന്റെ കുറവ്. | ശാസ്ത്രവായന പ്രോത്സാഹിപ്പിക്കുക. |
| ടീച്ചർ പഠനസമയം കൂടുതലും ശരാശരിക്കാർക്കും താഴ്ന്ന നിലവാരത്തിലുള്ളവർക്കും വേണ്ടി ഉപയോഗിക്കുന്നതിനാൽ ഉയർന്ന നിലവാരത്തിൽ ഉള്ളവർക്കും വേണ്ടി ഉപയോഗിക്കുന്നതിനാൽ ഉയർന്ന നിലവാരത്തിൽ ഉള്ളവരെ വേണ്ടത്ര പരിഗണിക്കാൻ കഴിയുന്നില്ല. | ഉയർന്ന നിലവാരക്കാർക്കായി ആധുനിക മാർഗ്ഗങ്ങളിലൂടെ കൂടുതൽ പ്രവർത്തനങ്ങൾ നൽകുക. |

| ലക്ഷ്യം | പ്രവർത്തനം | കാല യളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രവർത്തനം 1<br>കുട്ടികളിലെ ശാസ്ത്രാഭിരുചി വളർത്തുക | ശാസ്ത്രതത്വങ്ങൾ എളുപ്പം മനസ്സിലാക്കാൻ ഉപകരിക്കുന്ന രസകരമായ ലഘുപരീക്ഷണങ്ങൾ കുട്ടികൾ തന്നെ അവതരിപ്പിക്കുന്നു. അവയുടെ പ്രവർത്തനക്രമം ചിത്രം സഹിതം പ്രത്യേക ബുക്കിൽ വരച്ച് രേഖപ്പെടുത്തുന്നു. | മാസം ഒന്നു വീതം June, July | SRG ശാസ്ത്ര അധ്യാപകർ | |
| പ്രവർത്തനം 2<br>ശാസ്ത്രമാസികകൾ ഫലപ്രദമായി ഉപയോഗിക്കൽ | ലൈബ്രറിയിലെ ശാസ്ത്രപുസ്തകങ്ങൾ വായിക്കുമ്പോൾ അതിലെ അതിലെ ശാസ്ത്ര അറിവുകൾ പ്രത്യേക പുസ്തകത്തിൽ രേഖപ്പെടുത്തി ശാസ്ത്ര ക്ലബ്ബ് വേദികളിൽ പങ്കുവയ്ക്കണം. | ആഴ്ച യിൽ ഒന്നു വീതം | SRG ശാസ്ത്ര അധ്യാപകർ | |
| പ്രവർത്തനം 3<br>ശാസ്ത്ര പ്രതിഭകളെ കണ്ടെത്തി ഉപജില്ലാ, ജില്ലാ-സംസ്ഥാന മത്സരങ്ങൾക്ക് വളർത്തിയെടുക്കുന്നു. | ശാസ്ത്രത്തിൽ പ്രത്യേക അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി Talent Hunt Inspire Award തുടങ്ങിയ മത്സരങ്ങൾക്ക് പങ്കെടുക്കുന്ന രീതിയിൽ വളർത്തിയെടുക്കുന്നു. | June-January | ശാസ്ത്ര അധ്യാപകർ | |
| പ്രവർത്തനം 4<br>ലാബ് നവീകരണം | നിലവിലെ ലാബ് സൗകര്യങ്ങൾ വളരെ പരിമിതമാണ്. ഓരോ കുട്ടിക്കും പരീക്ഷണാനുഭവം ലഭിക്കുന്ന രീതിയിൽ കൂടുതൽ ലാബ് ഉപകരണങ്ങളും രാസവസ്തുക്കളും സംഘടിപ്പിക്കുന്നതിന് ശ്രമിക്കുന്നു. | 2 വർഷം | SRG ശാസ്ത്ര അധ്യാപകർ | പൂർവ്വ വിദ്യാർത്ഥികളുടെ സംഭാവന, മാനേജ്മെന്റിന്റെ സംഭാവന, മറ്റ് അഭ്യുദയകാക്ഷികൾ വഴി കണ്ടെത്തുന്നു.<br>**Chemicals 32000**<br>**Equipments Shelves etc 25000**<br>**67000** |

| ലക്ഷ്യം | പ്രവർത്തനം | കാല യളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രവർത്തനം 5<br>പ്രകൃതി നിരീക്ഷണം വിവിധയിനം സസ്യ ങ്ങൾ തിരിച്ചറിയുക | ബൊട്ടാണിക്കൽ ഗാർഡൻ സന്ദർശനം | 1 ദിവസം September | SRG ശാസ്ത്ര അധ്യാപ കർ | PTA |
| പ്രവർത്തനം 6<br>Carrier Guidance | പ്രശസ്ത ശാസ്ത്ര സ്ഥാപന ങ്ങളിൽ ജോലി ചെയ്യുന്ന പൂർവ്വവിദ്യാർത്ഥികളെ കൊണ്ട് ക്ലാസ്സ് സംഘടിപ്പിക്കു ന്നു | 1 ദിവസം | SRG ശാസ്ത്ര അധ്യാപ കർ | PTA |
| പ്രവർത്തനം 7<br>ദൈനംദിന ജീവിത ത്തിൽ നേരിടുന്ന അപകടങ്ങൾ കൈകാര്യം ചെയ്യുന്ന തിനുള്ള അറിവും ശേഷിയും കൈവരി ക്കൽ | KSEB ഉദ്യോഗസ്ഥരുടെ ക്ലാസ്സ്, Fire force ഉദ്യോഗസ്ഥരുടെ ക്ലാസ്സ്, Hospital ഉദ്യോഗസ്ഥ രുടെ ക്ലാസ്സ് (വൈദ്യുതി കൊണ്ടുണ്ടാക്കുന്ന തീപിടുത്തം, ഗ്യാസ് കൈകാര്യം ചെയ്യുന്നത്, പാമ്പുകടി പോലെയുള്ള അത്യാഹിതങ്ങൾ ഉണ്ടാകു മ്പോൾ നൽകേണ്ട First aid) | | SRG ശാസ്ത്ര അധ്യാപ കർ | PTA |

# മാതൃഭാഷ പഠനം

എട്ടുമുതൽ പത്തുവരെയുള്ള ഓരോ ക്ലാസ്സിലും കൂടി പ്രതീക്ഷിക നിലവാരത്തിലുള്ള ധാരണ കളും ശേഷികളും നേടുക എന്ന ലക്ഷ്യത്തോടെയാണ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യു ന്നത്.

**ലക്ഷ്യങ്ങൾ**

1 മികച്ച ശാരീരിക-മാനസിക-വൈകാരിക ആരോഗ്യം കുട്ടികളിൽ ഉറപ്പാക്കുക.

2 മാതൃഭാഷയിൽ ഉയർന്ന ശേഷികൾ കൈവരിക്കാനും അത് പ്രയോഗിക്കാനുമുള്ള അവസ രങ്ങൾ ഉണ്ടാക്കുക.

3 എല്ലാ കുട്ടികൾക്കും വായനയ്ക്കും എഴുത്തിനുമുള്ള അവസരമുണ്ടാക്കുക.

4 ആശയങ്ങൾ വിവിധ വ്യവഹാരരൂപങ്ങളിൽ ആവിഷ്കരിക്കുക.

5 കുട്ടികളിൽ ദേശസ്നേഹം വളർത്തുക.

## മാതൃഭാഷാപഠനം

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | സമയ പരിധി | ഉപകരണ ങ്ങൾ | പിന്തുണ | ചിലവ് |
|---|---|---|---|---|---|
| 1 | **പ്രവർത്തനം 1**<br>എല്ലാ കുട്ടികളെയും ഭാഷ തെറ്റുകൂടാതെ എഴുതാനും വായിക്കാനും ഉള്ള കഴിവ് വികസിപ്പിച്ചെടുക്കുക എന്നതാണ് ലക്ഷ്യം.<br>1 അക്ഷരമാല പഠിപ്പിക്കൽ<br>2 ചിഹ്നം ഉറപ്പിക്കൽ<br>3 ചിത്രങ്ങൾ കാണിച്ച് വാക്കുകൾ എഴുതിപ്പിക്കൽ<br>4 Pre-Test നടത്തൽ | ജൂൺ മുതൽ ഫെബ്രുവരി വരെ | പാഠപുസ്തകം ലൈബ്രറി | മലയാളം അധ്യാപിക കുട്ടികൾ | പുസ്തകങ്ങൾ-500 രൂപയ്ക്ക് PTA |
| 2 | വായന പരിപോഷിപ്പിക്കൽ<br>1 ഹ്രസ്വചിത്രങ്ങളുടെ സഹായത്തോടെ വായിപ്പിക്കൽ<br>2 ICT സഹായത്തോടെ വാർത്തകൾ വായിപ്പിക്കുന്നു | ജൂൺ മുതൽ ഫെബ്രുവരി വരെ<br>ജൂൺ മുതൽ ആഗസ്റ്റ് വരെ | Laptop, ലൈബ്രറി | "<br>IT Lab | IT Lab 10000 |
| 3 | സർഗ്ഗാത്മക രചന<br>• കഥാ രചന<br>• കവിത രചന<br>• വായനാമൂല<br>• കൈയെഴുത്ത് മാസിക തയ്യാറാക്കൽ | ഡിസംബർ മുതൽ ജനുവരി വരെ | ലൈബ്രറി | സാഹിത്യകാരന്മാരുമായുള്ള അഭിമുഖത്തിന്റെ വീഡിയോ | 500 |
| 4 | ബാഗ് ലൈബ്രറി<br>- എന്റെ പുസ്തകം ലൈബ്രറിയിലേക്ക | ജൂൺ തുടങ്ങി ജനുവരി വരെ | എന്റെ പുസ്തകം | അധ്യാപിക കുട്ടികൾ | 1000 |
| 5 | പുസ്തക പ്രദർശനം | ജനുവരി | | പ്രമുഖ വ്യക്തികളുടെ സഹായത്തോടെ | 1500 |

# ലൈബ്രറി വികസനം

സ്കൂൾ ലൈബ്രറിയുടെ ഉപയോഗം കാര്യക്ഷമമാക്കി പുസ്തകങ്ങളുടെ ഉപയോഗം ഫലപ്രദമാക്കുക.

## ആമുഖം

1946 ൽ ആരംഭിച്ച റൂറൽ ഹൈസ്കൂൾ നിരവധി പ്രഗത്ഭരാൽ സജീവമായിരുന്നു. വളരെ സമ്പുഷ്ടമായ ഒരു ലൈബ്രറിയും നമുക്കുണ്ടായിരുന്നു. പ്രഗത്ഭരായ എഴുത്തുകാരാൽ സമ്പന്നമായിരുന്നു ഈ വിദ്യാലയം. ഇവിടുത്തെ പുസ്തകശേഖരം കാലപ്പഴക്കം കൊണ്ടും, നിരന്തരമായ ഉപയോഗം കൊണ്ടും നശിച്ചുപോയതു കാരണം ശേഖരം കുറഞ്ഞു. സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ഈ വിദ്യാലയത്തിൽ ഇന്ന് ഒരു ഷെൽഫിൽ മാത്രമാണ് പുസ്തകങ്ങൾ ഉള്ളത്. 49 കുട്ടികൾ ആണ് നിലവിൽ സ്കൂളിൽ പഠിക്കുന്നത്. പഠനത്തിൽ ലൈബ്രറിയുടെ പ്രാധാന്യം കണക്കിലെടുത്ത് ഈ വർഷം അതിനെ വിപുലീകരിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്.

## ലക്ഷ്യം

സ്കൂൾ ലൈബ്രറി സംവിധാനം ആകർഷകമാക്കി പുസ്തകങ്ങളുടെ ഉപയോഗം ഫലപ്രദമാക്കുക.

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | സമയ പരിധി | ഉപകരണ ങ്ങൾ | പിന്തുണ | ചിലവ് |
|---|---|---|---|---|---|
| 1 | നിലവിലെ പുസ്തകങ്ങളെ ഇനം തിരിച്ച് തരംതിരിക്കുന്നു | ഏപ്രിൽ, മെയ് മാസങ്ങളിൽ | ഷെൽഫ്, പുസ്തകങ്ങൾ | ചുമതലക്കാരും, തെരഞ്ഞെടുത്ത അധ്യാപകരും, കുട്ടികളും | 30000 Librery Shelf |
| 2 | ഓരോ ക്ലാസ്സിനും ഉപയോഗിക്കാവുന്ന പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നു | ഏപ്രിൽ, മെയ് മാസങ്ങളിൽ | വിവിധ വിഷയങ്ങളിലെ പുസ്തകങ്ങൾ | സബ്ജക്ട് കൗൺസിൽ കൂടി ഏതൊക്കെ വിഷയങ്ങളിൽ ഏതൊക്കെ പുസ്തകം എന്നു കണ്ടെത്തിയതിനു ശേഷം | ചുമരുകൾ ആകർഷകമാക്കുന്നതിന് പെയിന്റിംഗ് 10000 ടേബിൾ ചെയർ 20000 |
| 3 | കുട്ടികൾക്കൊരു പുസ്തകം പദ്ധതി കുട്ടികളുടെ ബാഗിൽ ഒരു പുസ്തകം വായനയ്ക്കായി എപ്പോഴും ഉണ്ട് എന്ന് ഉറപ്പുവരുത്തുക | ജൂൺ മാസം തുടങ്ങി ജനുവരി വരെ 49 കുട്ടികൾക്കും ഓരോ പുസ്തകങ്ങൾ നൽകികൊണ്ട് | പുസ്തകങ്ങൾ | സമീപ പ്രദേശത്തെ ഏതെങ്കിലും വ്യക്തിയുടെ സഹായം, പി.ടി.എയുടെ സഹായം | Library Books 30000 |
| 4 | ബാഗ് ലൈബ്രറി – എന്റെ ഒരു പുസ്തകം ലൈബ്രറിയിലേക്ക് | ജൂൺ തുടങ്ങി ജനുവരി വരെ | എന്റെ പുസ്തകം | കുട്ടികൾ | |

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | സമയ പരിധി | ഉപകരണ ങ്ങൾ | പിന്തുണ | ചിലവ് |
|---|---|---|---|---|---|
| 5 | പുസ്തക പ്രദർശനം | നവംബർ | " | പ്രമുഖ വ്യക്തിക ളുടെ സഹായ ത്തോടെ | |
| 6 | **ക്ലാസ്സ് ലൈബ്രറി**<br>(ക്ലാസ്സിൽ ലൈബ്രറി തുടങ്ങി അവർക്ക് ആവശ്യമായ പുസ്തകങ്ങൾ ക്ലാസ്സിലെ ഷെൽഫിൽ വയ്ക്കുന്നു) | ആഗസ്റ്റ്, സെപ്തം ബർ മാസ ങ്ങളിൽ | ക്ലാസ്സിലേക്ക് ഷെൽഫ് | PTA, Teachers, കുട്ടികൾ | |
| 7 | **പിറന്നാളിന് ഒരു പുസ്തകം**<br>(ക്ലാസ്സ് അധ്യാപകരുടെ നേതൃത്വത്തിൽ പിറന്നാൾ ലിസ്റ്റ് തയ്യാറാക്കുക) | ജൂൺ തുടങ്ങി മാർച്ച് വരെ | ഷെൽഫ് പുസ്തക ങ്ങൾ | കുട്ടികൾ, അധ്യാപ കർ | |
| 8 | **കുട്ടി ലൈബ്രേറിയൻ**<br>കിട്ടുന്ന പുസ്തകങ്ങളെ തരംതിരിക്കുന്ന തിനുള്ള പരിശീലനം നൽകിയിട്ട് ഒരു കുട്ടിയെ തിരഞ്ഞെടുക്കുന്നു | നവംബർ മുതൽ മാർച്ച് വരെ | " | കുട്ടികൾ | Total 90000 |

# ആരോഗ്യ-കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാല ദൈർഘ്യം | ചുമതല | പിന്തുണ |
|---|---|---|---|---|
| കുട്ടികളിൽ കായിക ക്ഷമത വർദ്ധിപ്പിക്കൽ | • മാസ്സ് ഡ്രിൽ<br>• ഫുട്ബോൾ പരിശീലനം<br>• യോഗാ പരിശീലനം<br>• കബഡി പരിശീലനം<br>• ഓട്ടം, ചാട്ടം തുടങ്ങിയവ പരിശീലിപ്പിക്കൽ | ജൂലൈ മുതൽ മാർച്ച് വരെ<br>ജനുവരി<br>സെപ്തംബർ<br>സെപ്തംബർ | | മാനേജ്മെന്റ് കമ്മിറ്റി<br>PTA |
| കുട്ടികളിൽ കായിക പരിശീലനം നടത്തൽ | • നാടൻ കളിപരിശീലനം<br>• വ്യായാമം ചെയ്യിപ്പിക്കൽ<br>• ഷട്ടിൽ ബാറ്റ് പരിശീലനം<br>• എയറോബിക്സ് പരിശീലനം | ജൂലൈ മുതൽ മാർച്ച് വരെ മാസത്തിൽ രണ്ടു പ്രാവശ്യം<br>ഡിസംബർ | | PTA |
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | • രാവിലെയും വൈകുന്നേരവും കായിക പരിശീലനം<br>• കുട്ടികൾക്ക്, ലഘുഭക്ഷണം നൽകൽ | ആഴ്ചയിൽ 2 ദിവസം | PTA കായിക അധ്യാപകൻ | 1000/-<br>(സ്പോൺസർഷിപ്പ്) |
| അവാർഡ്/ സമ്മാനം നൽകി ആദരിക്കൽ | സ്കൂൾതലം, ഉപജില്ലാതലം, ജില്ലാതലം, സംസ്ഥാനതലം വിജയികൾക്ക് ക്യാഷ് അവാർഡും മൊമെന്റോയും നൽകി ആദരിക്കൽ | ഓരോ തലത്തിലെയും മത്സരങ്ങൾക്കുശേഷം | എച്ച്.എം കായിക അധ്യാപകൻ | 5000/-<br>(സ്പോൺസർഷിപ്പ്) |

# പ്രവർത്തനം : പരിസ്ഥിതി ക്ലബ്ബ് കൃഷിത്തോട്ടം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യ പ്രദമായ സ്ഥലത്ത് ആകർഷ കമായ വിധത്തിൽ പച്ചക്കറി തോട്ടം ഉണ്ടാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ക്ലബ്ബ് അംഗ ങ്ങൾ അധ്യാപകർ | തൈ+ വിത്ത്+ വളം 5000/- |

# സംസ്കൃതം

## ആമുഖം

ഭാരതത്തിന്റെ സാംസ്കാരിക ഭാഷയാണ് സംസ്കൃതം. സംസ്കരിച്ചെടുത്തത് എന്നാണ് ഈ വാക്കിന്റെ അർത്ഥം. വേദങ്ങൾ, ഇതിഹാസ പുരാണങ്ങളെല്ലാം തന്നെ സംസ്കൃത ഭാഷയിൽ രചിച്ചിട്ടുള്ളതാണ്. കൂടാതെ ഭാരതത്തിന്റെ തനതായ മുഴുവൻ സാംസ്കാരിക ഗ്രന്ഥങ്ങളും സംസ്കൃത ഭാഷയിലാണ് ലിഖിതമായിട്ടുള്ളത്. അതിനാൽ വേദഭാഷ, ദേവഭാഷ എന്നീ നാമാന്തരങ്ങളും സംസ്കൃതഭാഷയ്ക്കുണ്ട്.

വൈദ്യശാസ്ത്രം, വ്യോമശാസ്ത്രം, വാസ്തുശാസ്ത്രം തുടങ്ങി എല്ലാ ശാസ്ത്ര വിഭാഗങ്ങളുടേയും, 64 കലകളുടേയും അടിസ്ഥാന ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടിട്ടുള്ളത്. സംസ്കൃതഭാഷയിൽ തന്നെയാണ്. പൂർവ്വസൂരികൾ ആയിരക്കണക്കിനു വർഷങ്ങളുടെ നിരീക്ഷണങ്ങളിലൂടെയും അനുഭവങ്ങളിലൂടെയും ദർശനങ്ങളിലൂടെയും നേടിയെടുത്ത അറിവുകൾ, വിവിധ ശാസ്ത്രങ്ങളിൽ അവർക്കുള്ള വൈദഗ്ദ്യം ഇവയെല്ലാം രേഖപ്പെടുത്തിയിട്ടുള്ളതും ഈ അമരവാണിയിലാണ്. ഭാരതത്തിന്റെ സംസ്കാരത്തിലും വിജ്ഞാനത്തിലും അഭിമാനിച്ചുകൊണ്ടും അവ ആർജ്ജിച്ചുകൊണ്ടും ജീവിക്കണമെങ്കിൽ സംസ്കൃതഭാഷാപഠനം അനിവാര്യമാകുന്നു. സംസ്കൃതപഠനം കൂടാതെ യഥാർത്ഥഭാരതീയനാകുവാൻ സാധിക്കുകയില്ലെന്ന ഗാന്ധിജിയുടെ വാക്കുകളും ശ്രദ്ധേയമാണ്.

# സംസ്കൃതഭാഷാപഠനം

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയ പരിധി | ഉപകരണ ങ്ങൾ | പിന്തുണ | ചിലവ് തരുന്ന തുക |
|---|---|---|---|---|---|---|
| 1 | ആകർഷകമായ രീതിയിൽ സംസ്കൃതപഠനം സാധ്യമാക്കുക | ICT സാധ്യതകൾ ഉപയോഗിച്ചുകൊണ്ടും മറ്റു പ്രദർശന മാർഗ്ഗങ്ങളിലൂടെയും, ഗാനങ്ങളിലൂടെയും കുട്ടികളെ സംസ്കൃത പഠനത്തിനു തല്പരരാക്കുന്നു. | 2 ആഴ്ച | Laptop, CD, ചാർട്ടുകൾ | അധ്യാപിക വിദ്യാലയം പി.ടി.എ | 1000/- |
| 2 | സംസ്കൃത അക്ഷര പരിശീലനം ലളിതമായ വാക്കുകൾ പരിശീലിപ്പിക്കുക | ICT സാധ്യതകളും മറ്റു മാർഗ്ഗങ്ങളും ഉപയോഗിച്ച് രസകരമായ രീതിയിൽ അക്ഷരങ്ങൾ എഴുതി പരിശീലിക്കുന്നു. അക്ഷരവൃക്ഷം നിർമ്മിക്കൽ | 3 മാസം | ചാർട്ടുകൾ, Laptop, ബോർഡ്, വർണ ചോക്കുകൾ | അധ്യാപിക | 200/- |
| 3 | സംസ്കൃതഭാഷ ലളിതമായി പ്രയോഗിക്കുന്നതിനുള്ള പരിശീലനം | സംസ്കൃത കേളികൾ അക്ഷര കേളി സംഖ്യാ കേളി നാമകഥന കേളി സ്ഥലനാമകാഥനം സപ്തകകാര പ്രയോഗ പരിശീലനം ദശദിന സംഭാഷണ ക്ലാസ്സുകൾ സംഘടിപ്പിക്കൽ | 3 വർഷം | ചിത്രങ്ങൾ, കാർഡുകൾ ICT സാധ്യതകൾ, മറ്റു പഠനോപകരണങ്ങൾ | വിദ്യാലയം പരിശീലകൻ വിശ്വസംസ്കൃത പ്രതിഷ്ഠാനം | 1500/- |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയ പരിധി | ഉപകരണ ങ്ങൾ | പിന്തുണ | ചിലവ് തരുന്ന തുക |
|---|---|---|---|---|---|---|
| 4 | സംസ്കൃത നാമപരിശീലനം | നിത്യോപയോഗത്തി ലുള്ളതും ചുറ്റു പാടും പ്രയോഗത്തി ലുള്ളവയുമായ വസ്തുക്കളുടെ സംസ്കൃത നാമകഥന പരിശീല നം, ശേഖരണം, ചിത്രങ്ങൾ/വസ്തു ക്കൾ കണ്ട് പേരു കൾ പറയുന്നതും എഴുതുന്നതുമായ പരിശീലനം | ജൂൺ- ഫെബ്രു വരി | ചിത്ര ചാർട്ടു കൾ, ICT സാധ്യത കൾ | അധ്യാപിക | 500/- |
| 5 | പ്രതിദിനം സംസ്കൃതം | സംസ്കൃത ക്ലബ്ബിന്റെ നേതൃത്വ ത്തിൽ വിദ്യാലയ അസംബ്ലിയിൽ എല്ലാ ദിവസവും സുഭാഷിതാലാപനം, അർത്ഥകഥനം, ആഴ്ചയിൽ ഒരു ദിവസം സംസ്കൃത അസംബ്ലി | പ്രതി ദിനം | | അധ്യാപിക | പ്രത്യേക സാമ്പ ത്തിക ബാധ്യത ഇല്ല |
| 6 | സംസ്കൃത പഠനം സുഗമമാക്കു ന്നതും പരീക്ഷക്ക് ഒരുക്കുന്നതും | സബ്ജക്ട് കൗൺസിലിൽ ചർച്ച ചെയ്ത് പാഠ പുസ്തക പ്രവർത്ത നങ്ങൾ ക്രമീകരിക്കു ന്നു. സംസ്കൃതം ക്വിസ്, വർക്ക് ഷീറ്റു | ഹ്രസ്വ കാല തുടർപ്ര വർത്തനം | പാഠപു സ്തകം റിസോഴ്സ് ബുക്കു കൾ | അധ്യാപിക | സാമ്പ ത്തിക ബാധ്യത ഇല്ല |

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയ പരിധി | ഉപകരണ ങ്ങൾ | പിന്തുണ | ചിലവ് തരുന്ന തുക |
|---|---|---|---|---|---|---|
| 7 | വിവിധ രീതിയിൽ/ മേഖലകളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ നിലവാരം ഉയർത്തൽ | കൾ തുടർമൂല്യ നിർണയം സംസ്കൃത പഠനത്തിനാവശ്യമായ ഓരോ പ്രവർത്തനവും നടത്തുമ്പോൾ ഇത്തരക്കാർക്കനുകൂലമായ ലളിതമായ പ്രവർത്തനങ്ങൾ | പ്രതിദിനം | സചിത്ര ചാർട്ടുകൾ, കഥാ പുസ്തകങ്ങൾ | അധ്യാപിക | |
| 8 | സംസ്കൃത വായനാ പരിപോഷണം | ലൈബ്രറിയിലേക്ക് സംസ്കൃത പുസ്തകങ്ങളുടെ ശേഖരണം, ചിത്രകഥാപുസ്തകങ്ങൾ, ചെറുകഥകൾ, ലഘുനാടകങ്ങൾ, പ്രഭാഷണങ്ങൾ, കവിതകൾ, ലഘുലേഖനങ്ങൾ, നാടകഗ്രന്ഥങ്ങൾ, സന്ദേശ രചനാ പുസ്തകങ്ങൾ, തപാൽ ദ്വാരാസംസ്കൃത പഠനത്തിന്റെ പുസ്തകങ്ങൾ ആസൂത്രണം ചെയ്യുന്നു | 3 വർഷം | വിദ്യാലയ ലൈബ്രറിയിലെ സംസ്കൃത വിഭാഗം | പൂർവ്വ വിദ്യാർത്ഥികൾ, സമീപത്തെ വായനശാലകൾ എന്നിവരുടെ പിന്തുണ | 4000/- |

# DEPARTMENT : HIGH SCHOOL MATHEMATICS

## പ്രധാന ലക്ഷ്യങ്ങൾ

ഗണിതത്തെ കൂടുതൽ ജീവിതഗന്ധിയും ആസ്വാദ്യകരവും രസകരവും ആയ വിഷയമാക്കി വിദ്യാർത്ഥികൾക്കിടയിൽ മാറ്റുന്നതിനും ഗണിതത്തിലെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുമായിട്ടുള്ള ഗണിതവിജയം പദ്ധതി നടപ്പിലാക്കുകയും അതിലൂടെ സ്കൂൾ വിദ്യാർത്ഥികളുടെ പരമാവധി എണ്ണം 50 ൽ നിന്നും 1000 ത്തിൽ എത്തിച്ച് ഒരു ഹൈടെക് അവസ്ഥ സംജാതമാക്കുന്ന വിദ്യാലയം രൂപകല്പന ചെയ്യുന്ന ലക്ഷ്യം കൈവരിക്കുക.

## ഉപലക്ഷ്യങ്ങൾ

1 ഗണിതപഠന നേട്ടങ്ങളും ആശയ ധാരണകളും ശേഷികളും കൈവരിക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക.

2 നൂതന മാർഗ്ഗങ്ങൾ ഗണിതപഠനത്തിൽ അവലംബിക്കുക.

3 നോട്ട്ബുക്കിലെ ഗണിതപഠനം എന്ന അവസ്ഥയിൽ നിന്നും ഗണിതലാബ്, ലാപ്ടോപ്, പ്രൊജക്ടർ, പ്രാക്ടിക്കൽ എന്നീ അവസ്ഥകളിൽ എത്തിച്ചേരുന്ന രീതിയിൽ പഠനം സംജാതമാക്കുക.

4 Mathematics ൽ കൂടുതൽ താൽപര്യമുള്ള വിദ്യാർത്ഥികൾക്ക് ഉയർന്ന നിലവാര പരിശീലനം ജില്ലാതലത്തിൽ നൽകുന്ന സംവിധാനം.

5 നിത്യജീവിതവുമായി ബന്ധപ്പെട്ട പാഠഭാഗങ്ങൾക്ക് (eg:- പലിശ, പരപ്പളവ്, ചുറ്റളവ് etc) എന്നിവയ്ക്ക് ബാങ്ക്, ടൈൽ വർക്ക് നടക്കുന്ന സൈറ്റ് etc എന്നിവയിൽ പോയി പഠിക്കാവുന്ന രീതിയിലേക്ക് പഠനസംവിധാനം പ്രാക്ടിക്കൽ രീതിയിലേക്ക് മാറ്റി കൂടുതൽ പ്രാധാന്യം നൽകുക.

6 സങ്കലനം, വ്യവകലനം തുടങ്ങി ചതുഷ്ക്രിയകൾ ഉറപ്പിക്കാൻ സ്കൂളിൽ തന്നെ Store shope തുടങ്ങുകയും പണമിടപാടുകൾ വിദ്യാർത്ഥികളെ തന്നെ ഏൽപ്പിക്കുകയും അടുത്തുള്ള ഷോപ്പിൽ പോയി സാധനങ്ങൾ വാങ്ങാനും വിൽക്കാനും പണമിടപാടിൽ Practical Knowledge നൽകുന്ന അവസ്ഥ സംജാതമാക്കുക.

7 ഭിന്നശേഷിക്കാർക്ക് തൊഴിലധിഷ്ഠിത ഗണിതപഠനം സംജാതമാക്കുക.

**പ്രശ്നങ്ങളും പരിഹാരങ്ങളും**

| **പ്രശ്നങ്ങൾ** | **പരിഹാരമാർഗ്ഗങ്ങൾ** |
|---|---|
| 1) Practical Knowledge ന് കൂടുതൽ അവസരമില്ല | 1) Curriculam ത്തിൽ Practical Paper ഉൾപ്പെടുത്തണം |
| 2) ഗണിതലാബ് Large scale ൽ ലഭ്യമല്ല | 2) പരമാവധി സൗകര്യം ഗണിതലാബിൽ ഉൾപ്പെടുത്തണം |
| 3) ഭിന്നശേഷിക്കാരെ ഒപ്പത്തിനൊപ്പം എത്തിക്കാൻ ആവുന്നില്ല | 3) ഭിന്നശേഷക്കാർക്ക് പ്രത്യേക മൊഡ്യൂൾ മാത്രം നൽകുക |
| 4) ചതുഷ്ക്രിയ ഉറച്ചിട്ടില്ല | 4) രക്ഷിതാക്കളുടെയും അധ്യാപകരുടെയും ഉയർന്ന നിലവാരത്തിലുള്ള വിദ്യാർത്ഥികളുടെയും സഹായത്തോടെ ചതുഷ്ക്രിയ ഉറപ്പിക്കുക. |

## മേഖല - ഹൈസ്കൂൾ ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) ഗണിതാശയ ധാരണ കൈവരിക്കൽ | ഒപ്പം - ഒപ്പത്തിനൊപ്പം പ്രിലിമിനറി ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ | ജൂൺ ആദ്യ വാരം | ഗണിത അധ്യാപിക, പഠനമികവ് പുലർത്തുന്ന വിദ്യാർത്ഥികൾ | ഗണിത അധ്യാപിക ചാർട്ട് വാങ്ങി നൽകുന്നു. |
| 2) നിർമ്മിതികളിലെ ശേഷി ഉറപ്പിക്കാൻ | പ്രവേശനോത്സവത്തിൽ വിദ്യാർത്ഥികൾക്ക് എല്ലാം (പുതുതായി വന്ന് ചേർന്നവർക്കും ബോക്സില്ലാത്ത മറ്റ് കുട്ടികൾക്കും) ഇൻസ്ട്രമെന്റ് ബോക്സ് നൽകുന്നു | പ്രവേശനോത്സവം ജൂൺ 1 | ഗണിത അധ്യാപിക | 2500 രൂപ ഗണിത അധ്യാപിക |
| 3) ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് പ്രവർത്തനങ്ങൾ നടത്തുമ്പോൾ ഗണിതാശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | ദേശീയ പതാകയെയും പതാകയുടെ വലിപ്പത്തിന്റെ കാര്യത്തിൽ നീളം, വീതി എന്നിവയെ പറ്റിയുള്ള ശിൽപശാലയ്ക്ക് വേണ്ടി ICT ആധികാരികമായി ഉപയോഗപ്പെടുത്തുന്നു | ആഗസ്റ്റ് രണ്ടാം വാരം | നന്മഗണിത ക്ലബ്ബ്- കൺവീനർ, പ്രസിഡണ്ട്, സെക്രട്ടറി | പ്രത്യേകിച്ച് ചിലവൊന്നും ഉണ്ടാകുന്നില്ല |
| 4) " | കൃഷി സ്ഥലങ്ങൾ ചതുരശ്ര രൂപത്തിലും സമചതുര രൂപത്തിലും വൃത്താകൃതിയിലും ഉള്ളതിന്റെ വീഡിയോ കാണിച്ച് ഗണിത പ്രാധാന്യം മനസ്സിലാക്കി കൊടുക്കുന്നു. | " | " | " |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 5) സംഘ ബോധം ഉണ്ടാക്കൽ | വിവിധ ക്ലബ്ബ് പ്രവർത്തനങ്ങൾ<br>ഗണിത ക്ലിനിക്<br>ഗുണനപട്ടിക, ഗണിത ആശയങ്ങൾ ഊട്ടിയുറപ്പിക്കാൻ ഓരോ ക്ലാസ്സിലും (ആദ്യം VIIIth) ഗണിത ഡോക്ടറെ (3 or 4 പേരെ) തിരഞ്ഞെടുക്കുന്നു. സംശയനിവാരണത്തിനും ഉപകരിക്കുന്നു. | July മുതൽ VIII th ൽ August അവസാനം മുതൽ IX th, Xth ൽ | ഗണിത ഡോക്ടർമാർക്കും ഗണിത ടീച്ചർക്കും | ഗണിത അധ്യാപിക ചാർട്ട് നൽകുന്നു |
| 6) ജ്യാമിതീയ രൂപങ്ങൾ ഊട്ടിയുറപ്പിക്കൽ | Geoboard നിർമ്മാണവും പ്രവർത്തനവും | August | VIII th ലെ എല്ലാ വിദ്യാർത്ഥികൾക്കും ഗണിത അധ്യാപികയ്ക്കും രക്ഷിതാക്കൾക്കും | രക്ഷിതാക്കൾ വേണ്ടുന്ന സാമഗ്രികൾ നൽകുന്നു. |
| 7) ഗണിത ബുള്ളറ്റിൻ ബോർഡ് : ഗണിതാശയങ്ങളും പുതിയ ഗണിത വാർത്തകളും ഗണിത അറിയിപ്പുകളും ഗണിത ദിനാചരണങ്ങളും കുട്ടികളെ ബോധ്യപ്പെടുത്തൽ | ഗണിത ബുള്ളറ്റിൻ ബോർഡ് പ്രകാശനം | സെപ്തംബർ രണ്ടാം വാരം | ഗണിത അധ്യാപിക, Non-teaching staff ന്റെ സഹായം (ബോർഡ് ഉറപ്പിക്കാൻ) Club members | ചിലവ് ഏകദേശം 500 രൂപ ഗണിത അധ്യാപിക എടുക്കുന്നു |
| 8) ഗണിത ലാബ് പഠനപ്രവർത്തന പ്രാധാന്യം | വിവിധ ക്ലാസ്സ് പ്രവർത്തനങ്ങളിലൂടെ ഗണിത ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കുന്നു | ആഗസ്റ്റ് മുതൽ | Club members ഗണിത അധ്യാപിക | ലാബ് ഓരോ Class room ൽ ആയതുകൊണ്ട് വേറെ ചിലവില്ല |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 9) ഗണിത പൂക്കള ഡിസൈൻ മാഗ സിൻ + ഗണിത ഡിസൈൻ ഡിജി റ്റൽ മാഗസിൻ : ഗണിതഭംഗി ഊട്ടിയുറപ്പി ക്കുന്നു. | 1) ഓണപൂക്കള ഡിസൈൻ മാഗസിൻ നിർമ്മാണം,<br><br>2) ഡിജിറ്റൽ പൂക്കള മാഗ സിൻ (ICT),<br><br>3) Re-opening day യിൽ രണ്ടിന്റെയും പ്രകാശനം | August-Sept (ഓണാഘോ ഷം) + Re-opening day | ഗണിത അധ്യാപിക, ക്ലബ്ബ് പ്രസി ഡണ്ട്, Co-ordinators | A4 വിദ്യാർത്ഥി കൾ എടുക്കു ന്നു. മാഗസിൻ ബൈൻഡി ങ്ങിനും മറ്റും ഏകദേശം 100 രൂപ ഗണിത അധ്യാപിക എടുക്കുന്നു. |
| 10)ഗണിതമേളയി ലേക്ക് ഒരുക്കൽ | School exhibition ൽ maxi-mum വിദ്യാർത്ഥികളെ പങ്കെ ടുപ്പിക്കുകയും മികച്ചവരെ sub.Dt ലേയ്ക്ക് ഒരുക്കുന്നു | Octo-Nov | ഗണിത അധ്യാപിക | ക്ലബ്ബ് വഴി ഗണിത ടീച്ചർ ചാർട്ടുകൾ പരിശീലന ത്തിന് നൽകു ന്നു |

# ENGLISH

## പൊതുവായ ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കുവാൻ ശേഷി വികസിപ്പിക്കുക.
- എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് തെറ്റ് കൂടാതെ എഴുതുവാൻ പ്രാപ്തരാക്കുക.
- എല്ലാ കുട്ടികളെയും ഇംഗ്ലീഷ് ആത്മവിശ്വാസത്തോടെ സംസാരിക്കുവാനുള്ള ശേഷി വികസിപ്പിക്കുക.
- സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് ഭാഷയെ ഉപയോഗിക്കാൻ പ്രാപ്തരാക്കുക.
- വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടുവാൻ അവസരമൊരുക്കുക.
- വ്യാകരണശുദ്ധി, ഉച്ചാരണശുദ്ധി എന്നിവ ഉറപ്പിക്കുവാൻ ഉതകുന്ന പ്രവർത്തനങ്ങളിലൂടെ ഉറപ്പിക്കുക.

## ENGLISH

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക | ★ ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി അവതരിപ്പിക്കുക<br>★ ഇംഗ്ലീഷ് കഥകൾ കേൾക്കുവാനും കേട്ട കഥകൾ സ്വന്തം ഭാഷയിൽ അവതരിപ്പിക്കുവാനും അവസരം നൽകുന്നു<br>★ Role play<br>★ ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാൻ അവസരം നൽകുന്നു<br>★ CWSN കുട്ടികളെ ഉൾപ്പെടുത്തി പ്രവർത്തനങ്ങൾ | July - September | ഇംഗ്ലീഷ് അധ്യാപിക<br>ക്ലാസ്സ് ടീച്ചർ | |
| ഇംഗ്ലീഷിൽ ആശയവിനിമയം നടത്തുന്നതിൽ ശേഷി വികസിപ്പിക്കുക | ★ Audio - Video clip<br>★ Animation stories in English<br>★ Retelling the situational story<br>★ Mock Interview/Roleplay | | ഇംഗ്ലീഷ് അധ്യാപിക | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗ്ഗാത്മക രചനയ്ക്ക് അവസരം ഒരുക്കുക | ★ പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തിരഞ്ഞെടുത്ത് കോറിയോഗ്രാഫി തയ്യാറാക്കി ക്ലബ്ബ് അടിസ്ഥാനത്തിൽ ദൃശ്യാവിഷ്കാരം നടത്തുന്നു<br>★ പാഠപുസ്തകത്തിലെ പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാരരൂപങ്ങളിലേക്ക് മാറ്റി Skit, conversation etc.<br>★ ഓരോ മാസവും ഏതെങ്കിലും വിഷയം കേന്ദ്രീകരിച്ച് രചനകൾ നടത്തുവാൻ അവസരം നൽകൽ<br>eg : Onam, Rain, Healthy food habits<br>ക്ലാസ്സ് മുറികളിൽ ഇംഗ്ലീഷ് Clip board - കുട്ടികൾ ശേഖരിച്ച മികച്ച പസ്സിലുകൾ, കഥകൾ, കവിതകൾ എന്നിവ പ്രദർശിപ്പിക്കുന്നു<br>CWSN കുട്ടികളെ ഉൾപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ | Oct - Dec | ഇംഗ്ലീഷ് അധ്യാപിക | English Library Books - 5000/-<br><br>Pin up/Clip Board സ്ഥാപിക്കുന്നതിന് ഏകദേശം 500/- |

# ഹിന്ദി

പേര് :- **രാഷ്ട്രഭാഷ, ശ്രേഷ്ഠഭാഷ**

**മേഖല/ഉപമേഖല : – അക്കാദമികം/ഹിന്ദി**

**<u>പൊതുവായ ലക്ഷ്യങ്ങൾ</u>**

★ ഹിന്ദി പഠനം കാര്യക്ഷമമാക്കൽ

★ എല്ലാ വിദ്യാർത്ഥികളിലും അക്ഷരങ്ങളും, പദങ്ങളും, ആശയങ്ങളും ഉറപ്പിക്കൽ

★ വായന പരിപോഷിപ്പിക്കൽ

★ മാതൃഭാഷയെ പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക

★ ആശയങ്ങൾ തെറ്റ് കൂടാതെ പ്രകടിപ്പിക്കാനും, സർഗ്ഗാത്മക രചനകൾ വികസിപ്പിക്കാനുള്ള അവസരം (സുരീലി ഹിന്ദി)

★ വിവർത്തകർ, വാർത്തവായനക്കാർ, ജേർണലിസ്റ്റുകൾ തുടങ്ങിയ ജോലി സാധ്യതയ്ക്കായി കുട്ടികളെ പ്രാപ്തരാക്കുക

★ ഹിന്ദി അസംബ്ലി, ക്ലബ്ബ് പ്രവർത്തനങ്ങൾ (സുരീലി സഭ)

## ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **ഹിന്ദി പഠനം കാര്യക്ഷമമാക്കൽ**<br>1) എല്ലാ വിദ്യാർത്ഥികളിലും അക്ഷരങ്ങളും, പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | ★ എല്ലാ കുട്ടികളെയും Pre-test നടത്തി അക്ഷരം എഴുത്ത്, ചിഹ്നം ഉറപ്പിക്കൽ, അക്ഷരമാല പ്രദർശനം, വാക്കുകൾ നിർമ്മാണം, വാക്യങ്ങളുടെ നിർമ്മാണം എന്നിവ നടപ്പിലാക്കുന്നു.<br>★ സുരീലി ഹിന്ദി പഠനരീതി പ്രാവർത്തികമാക്കുന്നു.<br>★ Discourse കൾ ഉറപ്പിക്കൽ അവയുടെ പ്രദർശനം. | ജൂൺ മുതൽ ആഗസ്റ്റ് വരെ | ഹിന്ദി അധ്യാപകൻ | രക്ഷിതാക്കൾ<br>PTA |
| 2) വായന പരിപോഷിപ്പിക്കൽ/അർത്ഥം ആശയം മനസ്സിലാക്കൽ | ★ ICT യുടെ സഹായത്തിലൂടെ വസ്തുക്കളും, വാക്കുകളും പരിശീലിക്കാനുള്ള അവസരം.<br>★ CWSN കുട്ടികളെയും ഉൾപ്പെടുത്തൽ.<br>★ കഥ വായന, കവിത വായന എന്നിവയ്ക്ക് അവസരം നൽകുന്നു.<br>★ സുരീലി ഹിന്ദി പ്രവർത്തനങ്ങൾ. | സെപ്തംബർ മുതൽ ഒക്ടോബർ വരെ | ഹിന്ദി അധ്യാപകൻ<br>ഹിന്ദി ക്ലബ്ബ് | PTA<br>ഹിന്ദി ക്ലബ്ബ്<br>PTA |
| 3) ആശയങ്ങൾ തെറ്റ് കൂടാതെ പ്രകടിപ്പിക്കാനും സർഗ്ഗാത്മക രചനങ്ങൾ വികസിപ്പിക്കാനുള്ള അവസരം (സുരീലി ഹിന്ദി) | ★അധികവായന സാമഗ്രികൾ.<br>★ചിത്രകഥ തയ്യാറാക്കൽ<br>★കഥ പറയൽ<br>★കഥയുടെ പൂർത്തീകരണം<br>★വായനമൂല<br>★അസംബ്ലി<br>★ദിനാചരണങ്ങൾ<br>1. പ്രേംചന്ദ്<br>2. ദേശീയ ഹിന്ദി ദിനം<br>3. ലോക ഹിന്ദി ദിനം<br>★ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾ | | സുരീലി സഭ<br>ഹിന്ദി അധ്യാപിക<br>ഹിന്ദി ക്ലബ്ബ് | മാനേജ്മെന്റ്<br>5000/- ഹിന്ദി അധ്യാപിക കണ്ടെത്തുന്നു. (ക്ലബ്ബ്) |

# സോഷ്യൽ സയൻസ്

## ആമുഖം

ഒരു സമൂഹത്തിന്റെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ആ സമൂഹത്തിന്റെ സംസ്ക്കാരവുമായി ബന്ധപ്പെട്ടു കിടക്കുന്നു. ഇന്നലെകളില്ലാതെ ഇന്നില്ല നമ്മുടെ നാടിന്റെ, ലോകത്തിന്റെ ഈടുറപ്പ് ചരിത്രമാണ്. ചരിത്രവും ഭൂമിശാസ്ത്രവും ദൈനംദിന ജീവിതത്തിൽ വളരെയധികം സ്വാധീനം ചെലുത്തുന്നുണ്ട്. ചരിത്രം മറന്നാൽ ചരിത്രങ്ങൾ വഴിച്ചാലുകളാണ്. നമ്മുക്ക് മുമ്പേ നടന്നു പോയവരുടെ സാക്ഷ്യങ്ങൾ. അത് യഥാവിധി മനസ്സിലാക്കുകയും വികസിപ്പിക്കുകയും തിരുത്തപ്പെടുകയും ചെയ്യുമ്പോൾ മാത്രമാണ് ഗുണകരമാകുന്നത്.

## പ്രശ്നങ്ങൾ

- 8 മുതൽ 10 വരെ ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ശേഷിക്കൽ, ധാരണകൾ എന്നിവ നേടാൻ കഴിയുന്നില്ല.
- എല്ലാ കുട്ടികളെയും പരിഗണിച്ച് ഭിന്നതല പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പാക്കുന്നതിനും സാധിക്കുന്നില്ല.
- വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ, സങ്കേതങ്ങൾ എന്നിവ പ്രയോജനപ്പെടുത്തുന്നതിന് പ്രായോഗിക പ്രശ്നങ്ങളുണ്ട്.

## നേടേണ്ടത്

- മികച്ച ഭൗതിക സൗകര്യങ്ങൾ
- സമഗ്ര പോലുള്ള പോർട്ടലുകൾ കൂടുതൽ റിസോഴ്സുകളുടെ ലഭ്യത
- മികച്ച സാമൂഹിക ചുറ്റുപാടുകൾ

## ലക്ഷ്യങ്ങൾ

- ചരിത്രാവബോധം വളർത്തുക
- മതേതര ജനാധിപത്യബോധം വികസിപ്പിക്കുക
- ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് സാമൂഹ്യശാസ്ത്ര പഠനം പ്രയോജനപ്പെടുത്തുക
- പൊതുവിജ്ഞാനത്തിന് ഊന്നൽ നൽകുക
- സാമൂഹ്യശാസ്ത്ര ലാബ് രൂപീകരിക്കുക
- പാരസ്ഥിതിക അവബോധം, പൗരബോധം എന്നിവ വളർത്തുക
- സാമൂഹ്യശാസ്ത്രമേളകൾ, മൽസര പരീക്ഷകൾ എന്നിവയിൽ പങ്കാളിത്തം വർദ്ധിപ്പിക്കുക
- സാമൂഹ്യശാസ്ത്ര വിഷയം കൂടുതൽ ശാസ്ത്രീയമാക്കുക
- കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ പഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക
- സാമൂഹ്യശാസ്ത്ര വിഷയത്തിൽ ICT സാധ്യതകൾ പ്രയോജനപ്പെടുത്തുക
- ക്ലബ്ബ് പ്രവർത്തനങ്ങളിലൂടെ സാമൂഹ്യബോധം വളർത്തുന്നു

## സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | സാമ്പത്തികം | കാലം | ഏജൻസി |
|---|---|---|---|---|---|
| 1) ചരിത്ര ബോധം വളർത്തൽ | വിദ്യാലയ ചരിത്രരചന | S.S Teacher | | ജൂൺ, ഫെബ്രുവരി | PTA, പൂർവ്വ വിദ്യാർത്ഥികൾ |
| 2) ജനാധിപത്യ ബോധം വളർത്തൽ | സ്കൂൾ പാർലിമെന്റ് തെരഞ്ഞെടുപ്പ് | S.S Teacher Social club | | | SRG |
| 3) ദേശീയത, മതനിരപേക്ഷത, മാനവികത തുടങ്ങിയ മൂല്യങ്ങൾ വളർത്തുക | സ്വാതന്ത്ര്യദിനം, റിപ്പബ്ളിക് ദിനം തുടങ്ങിയ ദേശീയ ദിനങ്ങൾ സമുചിതമായി ആഘോഷിക്കുന്നു | S.S Teacher Club | | അക്കാദമിക വർഷം | SRG, PTA |
| 4) സാമൂഹ്യ പ്രശ്നങ്ങളിൽ പ്രതികരിക്കുന്നതിനുള്ള ശേഷി നേടുന്നു | സാമൂഹ്യ പ്രാധാന്യമുള്ള വിഷയങ്ങളിൽ പ്രസംഗം, സ്കിറ്റ് എന്നിവ നടത്തുന്നു | S.S Club | | അക്കാദമിക വർഷം | SSRTS |
| 5) ഭൂമിശാസ്ത്ര പഠനത്തിൽ താൽപര്യം | ഭൂപട നിർമ്മാണം, അറ്റ്ലസ്, ഗ്ലോബ് നിരീക്ഷണം | SSTRS, Club | | സെപ്റ്റംബർ, ജനുവരി | SRG, PTA |
| 6) സാമൂഹ്യശാസ്ത്ര ലാബ് രൂപീകരണം | റഫറൻസ് ഗ്രന്ഥങ്ങൾ, സ്റ്റിൽ മോഡൽ, വർക്കിങ്ങ് മോഡൽ, ഗ്ലോബ്, അറ്റ്ലസ് ഭൂപടങ്ങൾ, ചിത്രങ്ങൾ | S.S Club, SSTRS | അലമാര 5000<br>Maps - 500<br>Atlas- 500 | 2 വർഷം | PTA |
| 7) സാമൂഹ്യശാസ്ത്ര ലൈബ്രറി സജ്ജീകരിക്കൽ | ലൈബ്രറി പുസ്തകങ്ങളുടെ പട്ടിക തയ്യാറാക്കൽ (PTA, ക്ലബ്ബ് അംഗങ്ങൾ) | S.S Teacher, Club | Globe - 2000<br>Chart - 1000<br>Stillmodel - 3000 | | PTA, SRG |
| 8) സ്വാതന്ത്ര്യസമരം, നേതാക്കൻമാർ എന്നിവരെ പരിചയപ്പെടുത്തുന്നു | നേതാക്കൻമാരുടെ ചിത്രങ്ങൾ ഉപയോഗിച്ച് ആൽബം, ദേശഭക്തിഗാനങ്ങൾ, സ്വാതന്ത്ര്യസമര ഗീതങ്ങൾ എന്നിവയുടെ ശേഖരണം, അവതരണം | SSTRS | Stamp & Coin collection - 2000<br>Working model - 2000 | | Club |

## ഉപസംഹാരം

പൊതുവിദ്യാഭ്യാസ സംരംക്ഷണയജ്ഞത്തിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിൽ ഫലപ്രദമായ രീതിയിൽ നടത്താൻ പ്രയോജനപ്പെടുന്നതാണ്. ഇതിനായി പ്രവർത്തിച്ച എല്ലാ അധ്യാപകർക്കും നന്ദി. ഇതിനായി സഹകരിച്ച വിദ്യാഭ്യാസ വകുപ്പ്, പി.ടി.എ എല്ലാവർക്കും നന്ദി. എല്ലാവരുടെയും കൂട്ടായ പ്രവർത്തനത്തിന്റെ ഫലമായി നമ്മുടെ സ്കൂൾ മികവിന്റെ കേന്ദ്രമായി മാറട്ടെ എന്ന് ആശംസിക്കുന്നു.